**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **26-07-2021 - ൽ മറുപടിയ്ക്ക്**

**വനേതര ഭൂമിയിലെ മരം മുറി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 03.09.2019-ന് ചേർന്ന യോഗത്തിൽ പട്ടയം ലഭിച്ച ശേഷം കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് 1964 -ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിരുന്നോ; | (എ) | അതെ |
| (ബി) | ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24.10.2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ; | (ബി) | 2005 ലെ വനേതരഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പുപ്രകാരം 1964 ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി കിളിർത്തു വരുന്നതോ ആയ മരങ്ങൾ മുറിക്കാൻ അനുവാദം നൽകാവുന്നതാണ് എന്നതിനാലാണ് 24.10.2020 ലെ ഉത്തരവ് പുറപ്പെടുവിച്ചത്. പട്ടയ ഭൂമിയിൽ സ്വാഭാവികമായി കിളിർത്തുവരുന്നതും നട്ടു വളർത്തിയതുമായ വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പട്ടയ ഭൂമിയിൽ കർഷർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | "The Kerala Promotion of Tree Growth in Non-Forest Areas Act, 2005 ലെ സെക്ഷൻ 6 – Right of the owners to cut and remove trees – (1) Not-withstanding anything contained in any other law for the time being in force, every owner of non-forest land shall have the right to cut and transport any tree, other than sandalwood tree, standing on his land: Provided that the provision under this sub-section shall not apply to trees, if any, reserved by the Government at the time of assignment of such land or trees standing on any land notified under section 5 of the Kerala Preservation of Trees Act, 1986 (36 of Act 1986):" ഇതു പ്രകാരം സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിക്കാൻ പട്ടാദാറിന് അനുമതി നൽകിയിട്ടില്ലാത്തതാണ്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കുന്നതിന് മുൻപ് നിയമ വകുപ്പിന്റെയോ എ.ജി.യുടെയോ അഭിപ്രായം തേടിയിരുന്നോ എന്നറിയിക്കാമോ ? | (ഡി) | 24.10.2020 ലെ ഉത്തരവ് പുറപ്പെടുവിച്ചത് 2005 ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനാലാണ് നിയമോപദേശം ആരായാതിരുന്നത്. |

സെക്ഷൻ ഓഫീസർ